
INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
ISSN Online: 3108-1924 ISSN Print: 3139-4558



ലിംഗപദവിയും പിതൃകോയ്മയും

Martin Joseph

Associate Professor, Department of Malayalam, Nirmalagiri College (Autonomous), Kannur, Kerala.

Article information

Received: 13th April 2026
Received in revised form: 5th May 2026
Accepted: 18th June 2026
Available online: 28th July 2026

Volume: 2
Issue: 3
DOI: https://doi.org/10.63090/IJMLRS/3108.1924.0033

Abstract

This paper examines patriarchy as a social system that places men at the centre of power and subordinates women. It explores how patriarchal ideology is sustained through institutions such as the family and religion. Drawing on Sylvia Walby's theories, the study analyses male control over five major areas: employment, sexuality, freedom of movement, reproduction, and economic resources. It also examines how these forms of control hinder the overall development and advancement of women.

സാരാംശം

സമൂഹത്തിൽ പുരുഷനെ അധികാരകേന്ദ്രമാക്കുകയും സ്ത്രീയെ വിധേയയാക്കുകയും ചെയ്യുന്ന സാമൂഹിക വ്യവസ്ഥയായ പിതൃകോയ്മയെക്കുറിച്ചുള്ള പഠനമാണ് ഈ പ്രബന്ധം. കുടുംബം, മതം തുടങ്ങിയ സ്ഥാപനങ്ങളിലൂടെ പുരുഷാധിപത്യ പ്രത്യയശാസ്ത്രം എങ്ങനെ നിലനിൽക്കുന്നുവെന്ന് ഇത് പരിശോധിക്കുന്നു. സിൽവിയ വാൽബിയുടെ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ, ലൈംഗികത, സഞ്ചാരസ്വാതന്ത്ര്യം, സന്താനോല്പാദനം, സാമ്പത്തികം എന്നീ അഞ്ചു മേഖലകളിലെ പുരുഷനിയന്ത്രണങ്ങളെയും അവ സ്ത്രീകളുടെ സമഗ്രമായ വളർച്ചയെ മുരടിപ്പിക്കുന്നതിനെയും ഈ പഠനം വിശകലനം ചെയ്യുന്നു.

പ്രധാന വാക്കുകൾ:- പിതൃകോയ്മ , ലിംഗപദവി , ലിംഗശ്രേണി, ആൺകോയ്മ മാതൃവാഴ്ച ,അധികാരവ്യവസ്ഥ.

ആമുഖം

സാമൂഹ്യബന്ധങ്ങളുടെ പിതൃസ്ഥാനത്ത് പുരുഷനെ പ്രതിഷ്ഠിക്കുന്ന സാമൂഹ്യ വീക്ഷണത്തിനാണ് പിതൃകോയ്മ എന്നു പറയുന്നത്. മനുഷ്യാരംഭത്തിൽത്തന്നെ ഉണ്ടായിരുന്ന മാതൃവാഴ്ചയെ അതിരുകളിലേക്ക് തള്ളിമാറ്റിയാണ് പിതൃകോയ്മ സമൂഹത്തിലേക്ക് കടന്നുവന്നത്. തൽഫലമായി മനുഷ്യർക്കിടയിൽ ഒരു ലിംഗശ്രേണി വ്യവസ്ഥാപിതമായി. കുടുംബം എന്ന അധികാരസ്വരൂപം വ്യവസ്ഥാപിതമായതോടെ പിതൃകോയ്മ അതിന്റെ എല്ലാ ആണാധികാരങ്ങളേയും ഉപയോഗിച്ചുതുടങ്ങി. അണുകുടുംബം എന്ന സങ്കല്പം വ്യാവസായികയുഗാനന്തരം തീവ്രമായതോടെ പുരുഷന്റെ പരമാധികാരവും സ്ത്രീയുടെ വിധേയത്വവും സുസ്ഥിരമായി സ്ഥാപിക്കപ്പെട്ടു. മാർക്സിയൻ ദാർശനികർ ചൂണ്ടിക്കാണിക്കുന്നതുപോലെ പുരുഷൻ ബൂർഷ്വായും സ്ത്രീ തൊഴിലാളിയുമായി.[1] ദൈവം സ്ത്രീകളെ സൃഷ്ടിച്ചിരിക്കുന്നത് കേവലം സന്താനോല്പാദനത്തിനു മാത്രമാണെന്നും അതിലധികമായി അവരുടെ ജീവിതകാലത്തു സാധിക്കേണ്ടതായി യാതൊന്നും ഇല്ലെന്നും

അതിനാൽ വളർത്തുമൃഗങ്ങളെ പോറ്റി വളർത്തുന്നതുപോലെ അവരെയും നല്ല ഭക്ഷണവും സ്നേഹവും കൊടുത്തു വളർത്തിയാൽ മതിയെന്നതാണ് പിതൃകോയ്മയുടെ സമീപനം.

നാഗരികതയുടേയും ചരിത്രരചനകളുടേയും ആവിർഭാവത്തിനു മുൻപ് ഇന്നത്തേക്കാൾ മെച്ചപ്പെട്ട പദവിയും സ്വാതന്ത്ര്യവും സ്ത്രീകൾക്കുണ്ടായിരുന്നുവെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ചരിത്രാതീത കാലത്തെ മാതൃദായക്രമത്തിൽ സ്ത്രീകൾക്ക് ആധിപത്യമുള്ള (Matriarchy) വ്യവസ്ഥയായിരുന്നുവെന്ന് പല നരവംശശാസ്ത്രജ്ഞരും സിദ്ധാന്തിക്കുന്നുണ്ട്. [2,3] കേരളത്തിന്റെ പ്രാചീന ചരിത്രത്തെക്കുറിച്ച് പഠിച്ചിട്ടുള്ള എല്ലാ ചരിത്രകാരന്മാരും കേരളത്തിൽ നിലനിന്നിരുന്നത് മാതൃവ്യവസ്ഥയായിരുന്നുവെന്ന് ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്നു. എന്നാൽ സ്ത്രീ കേന്ദ്രിതമായിരുന്ന പ്രസ്തുത വ്യവസ്ഥയിലും സാമ്പത്തികരാഷ്ട്രീയാധികാരങ്ങൾ പുരുഷന്മാർക്കായിരുന്നുവെന്നും അതുകൊണ്ടുതന്നെ സ്ത്രീകളുടെ പ്രാചീന സുവർണ്ണകാലഘട്ടമെന്നത് കേവലമൊരു മിത്ത് മാത്രമാണെന്ന് സിമോൺ ദ ബുവ്വ അഭിപ്രായപ്പെടുന്നു. [4]

പുരുഷാധിപത്യ വ്യവസ്ഥയ്ക്ക് സുദീർഘമായ ചരിത്രമാണുള്ളത്. എഴുതപ്പെട്ട ചരിത്രംആൺകോയ്മയുടെ ചരിത്രമാണെന്നും അതുകൊണ്ടു തന്നെ പിതൃകോയ്മയും ചരിത്രവും ഇരട്ടകളാണെന്നും ജൂലിയറ്റ് മിച്ചെലിനെപ്പോലുള്ളവർ വാദിക്കുന്നു. സമ്പത്തും അധികാരവുമെല്ലാം പുരുഷന്മാരിൽ കേന്ദ്രീകരിച്ച വ്യവസ്ഥിതിയാണിത്. സൈന്യം, വ്യവസായം, സാങ്കേതികവിദ്യ, സർവ്വകലാശാലകൾ, ശാസ്ത്രം, രാഷ്ട്രീയനേതൃത്വം, സാമ്പത്തികരംഗം എന്നുവേണ്ട സമൂഹത്തിലെ സമസ്ത അധികാരമേഖലകളും പുരുഷനിയന്ത്രണത്തിലാണ്. തന്മൂലം ലിംഗപദവീ ശ്രേണിയിൽ പുരുഷൻ മേൽത്തട്ടിലെത്തുന്നു. അധികാരവും ലിംഗശ്രേണിയിലെ അഗ്രിമസ്ഥാനവും സംരക്ഷിക്കുന്നതിനുവേണ്ടി പുരുഷന്മാർക്കിടയിൽ സാർവ്വത്രിക ഐക്യം നിലനിൽക്കുന്നു. അതിനാൽത്തന്നെ പുരുഷാധിപത്യവ്യവസ്ഥയുടെ അന്തഃസത്ത സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള ലിംഗപദവി ശ്രേണിയിലെ അന്തരം എന്നതിനപ്പുറം മേൽത്തട്ടുസ്ഥാനം നിലനിർത്തുന്നതിനായി പുരുഷന്മാർ തമ്മിലുള്ള സുദൃഢമായ ഐക്യമാണെന്നും പറയാം. പുരുഷാധിപത്യവ്യവസ്ഥയെ വിമർശനവിധേയമാക്കുന്ന അമേരിക്കൻ സ്ത്രൈണ സാമ്പത്തികശാസ്ത്രജ്ഞ ഹെയ്ഡി ഹാർട്ട്മാൻ പിതൃകോയ്മയെ ഇപ്രകാരം നിർവ്വചിക്കുന്നു: "സ്ത്രീകളുടെമേൽ അധികാരം സ്ഥാപിക്കാൻ പുരുഷന്മാരെ സഹായിക്കുന്ന ഒരുകൂട്ടം സാമൂഹ്യബന്ധങ്ങളാണ് പാട്രിയാർക്കി." സ്ത്രീകളുടെ ഉത്പാദനശേഷിമേൽ മേൽത്തട്ടു പുരുഷന്മാർക്കുള്ള അവകാശങ്ങളാണ് ചുരുക്കിപ്പറഞ്ഞാൽ പിതൃകോയ്മയുടെ അടിത്തറ.[5]

ലോകത്തിൽ നിലവിലുള്ള ഏതൊരു അധികാരവ്യവസ്ഥയും നിലനിന്നിട്ടുള്ളത് അധികാരത്തിനു കീഴിൽ വിധേയമനസ്കരും ആജ്ഞാനുവർത്തികളുമായ ഒരുകൂട്ടം വ്യക്തികളെ രൂപപ്പെടുത്തിയെടുത്തുകൊണ്ടാണ്. ഇത്തരം അധികാരകേന്ദ്രിത സമൂഹത്തിൽ മനുഷ്യരുടെ ജൈവപരമായ സവിശേഷതകളും ധർമ്മങ്ങളും സാമൂഹികക്രമീകരണങ്ങൾക്കു വിധേയമാണ്. ഇത്തരം ക്രമീകരണങ്ങളാണ് ലൈംഗിക- ലിംഗപദവി വ്യവസ്ഥ .ജൈവപരമായ വ്യത്യാസത്തെ സാമൂഹിക വ്യത്യാസമായി പരിവർത്തിപ്പിക്കുന്നത് ഈ അധികാരകേന്ദ്രിത വ്യവസ്ഥയാണ്. അധികാരം അതിന്റെ എല്ലാ ഇടപെടൽ ശേഷികളോടുംകൂടി ജീവിതക്രമങ്ങളെ നിർവ്വചിക്കുകയും അതിന്റെ വ്യവഹാരശേഷി പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അധികാരഘടനയ്ക്കുള്ളിൽ ഇടപെടൽ ശേഷികുറഞ്ഞ് നിലകൊള്ളുന്ന ആവാസവ്യവസ്ഥയ്ക്ക് മുൻപോട്ടുപോകാൻ കഴിയില്ല. ചരിത്രത്തിലെ എല്ലാ സംസ്കൃതികളും ഇല്ലാതായത് അധികാരശ്രേണിയ്ക്കുള്ളിൽ വീർപ്പുമുട്ടിയാണെന്നത് തർക്കമറ്റ വസ്തുതയാണ്. മൃഗജാതികൾക്കിടയിലെന്ന പോലെ മനുഷ്യജീവികളും ആണോ പെണ്ണോ (Sex) ആയി ജനിക്കുന്നു. ഈ വ്യത്യാസത്തെ അടിസ്ഥാനമാക്കി മനുഷ്യർക്കിടയിൽ മാത്രം നിർമ്മിക്കപ്പെടുന്ന സാമൂഹികക്രമീകരണമാണ് സ്ത്രീത്വവും പുരുഷത്വവും (Gender). പിതൃകോയ്മ ആണിനേയും പെണ്ണിനേയും രണ്ടു വ്യത്യസ്ത ചേരികളിലാക്കി വേർതിരിക്കുകയും ഇവർക്കിടയിൽ തൊഴിൽ വിഭജനവും പ്രത്യേക പദവികളും നിയമങ്ങളുടെയുമെല്ലാം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. റാഡിക്കൽ ഫെമിനിസ്റ്റുകളും മാർക്സിസ്റ്റ് ഫെമിനിസ്റ്റുകളും ലിംഗപദവി സംബന്ധമായ ദാർശനികാടിത്തറയുടെ കേന്ദ്രസ്ഥാനത്തു നിർത്തി വിചാരണ ചെയ്യുന്നത് പിതൃകോയ്മയെയാണ്.

പിതൃകോയ്മ- ലിംഗാധികാരം- പ്രത്യയശാസ്ത്രം

പിതൃകോയ്മ, ലിംഗാധികാരം, പ്രത്യയശാസ്ത്രം എന്നീ ജ്ഞാനമണ്ഡലങ്ങളെക്കുറിച്ച് ഗ്രിസെൽഡ പൊള്ളോക്ക് ഇപ്രകാരം നിരീക്ഷിക്കുന്നു: "പ്രത്യയശാസ്ത്രമാണ് എല്ലായ്പോഴും സംസാരിക്കുന്നത്. പ്രത്യയശാസ്ത്രം ഓരോരുത്തരെക്കുറിച്ചും സംസാരിക്കും. പിതൃകോയ്മാ-

ലിംഗാധികാര പ്രത്യയശാസ്ത്രങ്ങൾ; വംശീയചേരിതിരിവുകളും ലൈംഗികവിവേചനങ്ങളും അസമത്വങ്ങളും നിറഞ്ഞ സാമൂഹ്യവ്യവസ്ഥയെ ശാശ്വതമായി നിലനിർത്തുന്നതിന് അനുയോജ്യമായ പ്രതിരൂപങ്ങളായി നമ്മെ രൂപപ്പെടുത്തുന്നു." ഓരോ വ്യക്തിയും ജീവിക്കുന്നത് ഭൗതികലോകത്തെന്നപോലെ പ്രത്യയശാസ്ത്രങ്ങളുടെ ഒരു ലോകത്തുകൂടിയാണ്.[6] അതുകൊണ്ടുതന്നെ പിതൃകോയ്മാ-ലിംഗാധികാരശ്രേണിയിൽ രൂപപ്പെട്ട അധീശത്വപുരുഷത്വത്തിന്റെ കീഴിലാണ് (Hegemonic Masculinity) ഓരോ മനുഷ്യനും പിറന്നുവീഴുന്നത്. മനുഷ്യർ ജീവിക്കുന്ന സാഹചര്യങ്ങളുമായി അവർക്കുള്ള യഥാർത്ഥ ബന്ധങ്ങളുടെ പകർപ്പല്ല പ്രത്യയശാസ്ത്രം; മറിച്ച് ആ ബന്ധങ്ങളെക്കുറിച്ച് മനുഷ്യൻ സ്വരൂപിക്കുകയും ഇടപെടൽ ശേഷിയോടെ സമൂഹത്തിൽ വ്യവസ്ഥാപിതമാക്കുകയും ചെയ്യുന്ന സാങ്കല്പിക ബന്ധങ്ങളാണ്. വംശീയ-ലൈംഗിക വിവേചനങ്ങളും അസമത്വങ്ങളും നിറഞ്ഞ സാമൂഹിക വ്യവസ്ഥയെ പ്രത്യയശാസ്ത്രം നിർണ്ണയിക്കുന്നു. ലൈംഗികതയുടെ ചരിത്രം മുഴുവൻ ഇപ്രകാരമുള്ള അധീശത്വപ്രത്യയശാസ്ത്രത്തിന്റെ ചരിത്രം കൂടിയാണെന്നുകാണാം. പുരുഷകേന്ദ്രിതമായ കുടുംബ-പ്രത്യയശാസ്ത്രങ്ങൾക്കൊപ്പമാണ് ലൈംഗികതയുടെ ചരിത്രവും വളർന്നുവന്നിട്ടുള്ളത്. മനുഷ്യസമുദായ നിർമ്മിതിയിൽ സാമ്പത്തികഘടന പോലെതന്നെ സ്ത്രീപുരുഷ ലൈംഗികബന്ധങ്ങളും നിർണ്ണായകവും പരസ്പരപൂരകവുമാണെന്ന് ഏംഗൽസ് വ്യക്തമാക്കുന്നുണ്ട്. "ഭൗതികവാദ ചിന്തയനുസരിച്ച് അവസാന വിശകലനത്തിൽ ചരിത്രത്തിലെ നിർണ്ണായക ഘടകമായി വർത്തിക്കുന്നത് പ്രത്യക്ഷജീവിതത്തിന്റെ ഉത്പാദന- പ്രത്യുത്പാദന പ്രക്രിയയാണ്. ഇതുതന്നെ രണ്ടുവിധത്തിലാണുള്ളത്. ഒരു വശത്ത് ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ജീവസന്ധാരണോപാധികളിലേക്കുള്ള ആവശ്യങ്ങളുടെ ഉല്പാദനമാണ്; മറുവശത്ത് ജീവികളുടെ ഉല്പാദനമാണ്; മനുഷ്യവംശത്തിന്റെ വർദ്ധനയാണ്. ഒരുവശത്ത് അധ്വാനത്തിന്റെ വളർച്ചയുടെ ഘട്ടമാണ് ഇത് നിർണ്ണയിക്കുന്നതെങ്കിൽ മറുവശത്ത് കുടുംബമാണ് ഇതിനാധാരമായിട്ടുള്ളത്. അധ്വാനത്തിന്റെ വളർച്ച എത്ര ചുരുങ്ങിയിരിക്കുമോ, അതിന്റെ ഉല്പാദനത്തിന്റെ അളവും സമുദായത്തിന്റെ സമ്പത്തും എത്ര പരിമിതമായിരിക്കുമോ അത്രയും വമ്പിച്ചതായിരിക്കും സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീപുരുഷ ബന്ധമെന്ന് തോന്നിയേക്കാം. എന്നാൽ സ്ത്രീ-പുരുഷ ബന്ധത്തിലധിഷ്ഠിതമായ ലിംഗശ്രേണീഘടനയ്ക്കുള്ളിൽ അധ്വാനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിക്കും. അതോടെ സ്വകാര്യസ്വത്ത് ഉദയം ചെയ്യും. അതോടെ കുടുംബ-ലൈംഗികതയാകെ സ്വത്തുടമ സമ്പ്രദായത്തിനു കീഴ്പ്പെടും. സർവ്വതും സമ്പത്തിന് മേൽക്കോയ്മയുള്ള പ്രത്യയശാസ്ത്രഅധീശത്വങ്ങളാൽ നിർവ്വചിക്കപ്പെടും."

അധികാരമുള്ള വിഭാഗത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്കാണ് ഏതുസമൂഹത്തിലും ഏതുകാലത്തും അധീശത്വം.[7] അതിനാൽ ഭൗതികസമ്പത്തിലും ഉല്പാദനമേഖലയിലും കുടുംബത്തിലും മതരാഷ്ട്രീയ ചുറ്റുപാടുകളിലുമെല്ലാം അധീശത്വം വഹിക്കുന്ന പുരുഷന്മാരുടെ പ്രത്യയശാസ്ത്രത്തിന് മേൽക്കൈവന്നതിൽ അത്ഭുതപ്പെടാനില്ല. അധികാര വ്യവസ്ഥകൾ രണ്ടുതരത്തിലാണ് സ്വാധികാരം സ്ഥാപിച്ചെടുക്കുന്നത്; മർദ്ദന രീതികളിലൂടെയും പ്രത്യയശാസ്ത്രപ്രയോഗരീതിയിലൂടെയും. മർദ്ദനോപാധികൾ ഒരു സമൂഹഘടനയ്ക്കുള്ളിൽ ഇടപെട്ടുകൊണ്ട് നിരന്തരമായി സംഘർഷം സൃഷ്ടിച്ചുകൊസൃഷ്ടിച്ചുകൊണ്ടിരിക്കും. ഇത്തരം സംഘർഷങ്ങളിലൂടെ സമൂഹത്തിൽ മേധാവിത്വം ഉറപ്പിക്കാൻ അധികാര വ്യവസ്ഥയ്ക്ക് കഴിയും. എന്നാൽ പ്രത്യയശാസ്ത്രങ്ങളാവട്ടെ നിലവിലുള്ള വ്യവസ്ഥകളെല്ലാം സ്വാഭാവികമാണെന്ന് മികച്ചരീതിയിൽ വരുത്തിത്തീർക്കും; ഒരുതരം മസ്തിഷ്കപ്രക്ഷാളന രീതിയാണിത്. വിദ്യാഭ്യാസസ്ഥാപനങ്ങൾ, മതങ്ങൾ, മാധ്യമങ്ങൾ, സാഹിത്യം തുടങ്ങിയവയൊക്കെ പുരുഷാധിപത്യ ഭരണവ്യവസ്ഥയുടെ പ്രത്യയശാസ്ത്രങ്ങൾ കുടികൊള്ളുന്ന സ്ഥാപനങ്ങൾ ആണെന്നു കാണാം. പുരുഷന്റെ അധീശത്വവും, സ്ത്രീയുടെ വിധേയത്വവും നിലനിർത്തുന്ന പുരുഷാധിപത്യ ലിംഗശ്രേണിയുടെ അധീശത്വ പ്രത്യയശാസ്ത്രങ്ങൾ സ്ഥാപനങ്ങളിലൂടെ (ഉദാ. കുടുംബം, മതം)യാണ് സംരക്ഷിക്കപ്പെടുന്നതെന്ന് ജൂലിയറ്റ് മിച്ചെലും, അടിസ്ഥാനപരമായി പ്രകൃതിവിരുദ്ധമായ സ്ഥാപനവത്കരണത്തിലൂടെയല്ലാതെ പുരുഷാധിപത്യവ്യവസ്ഥയ്ക്ക് അതിജീവിക്കാനാവില്ലെന്ന് മെർലിൻ ഫ്രഞ്ചും വാദിക്കുന്നു. [8]

എസ്. വാൽബിയുടെ നിരീക്ഷണങ്ങൾ

ബ്രിട്ടീഷ് സാമൂഹ്യശാസ്ത്രജ്ഞയായ സിൽവിയ തെരേസ വാൽബി ലിംഗശ്രേണീബദ്ധമായ പിതൃകോയ്മയെക്കുറിച്ച് സമഗ്രമായ ദർശനങ്ങൾ അവതരിപ്പിച്ച വ്യക്തിയാണ്. വാൽബി പിതൃകോയ്മയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നത് 'Theorising Patriarchy' എന്ന തന്റെ ഗ്രന്ഥത്തിലാണ്. ഇവരുടെ അഭിപ്രായത്തിൽ പിതൃകോയ്മയെന്നത് സ്ത്രീ ചൂഷണം ചെയ്യപ്പെടുകയും അധീനപ്പെടുകയും ചെയ്യുന്ന സാമൂഹികാവസ്ഥയാണ്. പിതൃകോയ്മ, ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ ഉടലെടുക്കുക മാത്രമല്ല

ചരിത്രഗതിയനുസരിച്ച് രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. തന്റെ വാദഗതിയെ ബ്രിട്ടീഷ്ചരിത്രത്തിന്റെ സഹായത്തോടെയാണ് വാൽബി വിശകലനം ചെയ്യുന്നത്.

20-ാം നൂറ്റാണ്ടാകുമ്പോഴേക്കും പിതൃകോയ്മ സ്വകാര്യരൂപത്തിൽ നിന്ന് ബാഹ്യോന്മുഖരൂപമായി മാറുന്നത് കാണാം. സ്വകാര്യരൂപിതമായ പിതൃകോയ്മാലിംഗശ്രേണി കുടുംബത്തെയും വീടിനെയും കേന്ദ്രീകരിച്ച് രൂപം കൊള്ളുന്നതാണ്. ഇവിടെ പുറംജീവിതം സ്ത്രീകൾക്ക് അന്യമാണ്. പ്രത്യയശാസ്ത്ര സഹായത്താൽ ഈ അവസ്ഥയെ സമൂഹം മഹത്വവത്കരിക്കുന്നു. (അന്തർജനം എന്നതിനെ കേരളീയ സംസ്കാരപശ്ചാത്തലത്തിൽ സമൂഹം വായിച്ചിട്ടുള്ളത് ബഹുമാനരൂപകമായ ഒരു സവിശേഷപദം എന്ന രീതിയിലാണ്. അതിലടങ്ങിയിരിക്കുന്ന സ്ത്രീവിരുദ്ധപാഠങ്ങളെ തമസ്കരിക്കുകയും, തികച്ചും നിഷേധാർഹമായ ഒരു പദത്തെ അത്രമേൽ വിശിഷ്ടവും ബഹുമാനസൂചകവുമായി വായിക്കുകയും ചെയ്യുന്നത് ശ്രദ്ധിക്കുക). ഇവിടെ പുരുഷൻ സ്ത്രീയെ ചൂഷണം ചെയ്യുന്നു. എന്നാൽ ബാഹ്യോന്മുഖരൂപ പിതൃകോയ്മയിൽ സ്ത്രീകൾക്ക് പുറംജീവിതം സാധ്യമാണ്. ഇങ്ങനെ പുറംജീവിതം സാധ്യമാകുമ്പോഴും ചൂഷണം പലരീതിയിൽ നിർബാധം തുടരുന്നു. അതായത് പുറംജീവിതത്തിന്റെ വ്യത്യസ്തമേഖലകളിലും ചൂഷണവും അസന്തുലിതാവസ്ഥയും നിലനിൽക്കുന്നു. വാൽബിയെ സംബന്ധിച്ച് സമ്മതിദാനാവകാശത്തിനും വിദ്യാഭ്യാസത്തിനും ജോലിക്കും വിവാഹത്തിനും വിവാഹമോചനത്തിനും ഒക്കെവേണ്ടി നടന്നിട്ടുള്ള അവകാശസമരങ്ങൾ പിതൃകോയ്മ, ബാഹ്യോന്മുഖരൂപത്തിലേക്ക് മാറിയപ്പോൾ ഉണ്ടായതാണ് .[9] വാൽബിയുടെ നിഗമനങ്ങൾ അനുസരിച്ച് പ്രധാനമായും അഞ്ചുതരം നിയന്ത്രണങ്ങളാണ് പിതൃകോയ്മാലിംഗശ്രേണി സ്ത്രീകളുടെമേൽ അടിച്ചേൽപ്പിച്ചിട്ടുള്ളത്.

ഉത്പാദന - തൊഴിൽ വ്യവസ്ഥകളിൻമേലുള്ള നിയന്ത്രണം

എല്ലാ സമൂഹത്തിലും അകം-പുറം തൊഴിലുകളെ നിയന്ത്രിക്കുന്നത് പുരുഷനാണ്. സിൽവിയ വാൽബി സ്ത്രീകളെ ഉൽപാദകവർഗ്ഗം എന്നും പുരുഷന്മാരെ ചൂഷക വർഗ്ഗം എന്നും വിളിക്കുന്നു. ആദർശവത്കരിക്കപ്പെട്ട മാതൃത്വം, ദേവതാ താരതമ്യാത്മകത (അമ്മ ദൈവം, ദേവദാസികൾ) മുതലായ സ്ത്രൈണസവിശേഷതകൾ സ്ത്രീകളെ അധീനരാക്കുന്നതിന് പിതൃകോയ്മ ഫലപ്രദമായി ഉപയോഗിക്കുന്ന പ്രത്യയശാസ്ത്രങ്ങളാണ്.

സ്ത്രീയുടെ ലൈംഗികതയിൻമേലുള്ള നിയന്ത്രണം

പുരുഷന്റെ താല്പര്യങ്ങൾക്കനുസരിച്ച് ലൈംഗിക സേവനങ്ങൾ വിനിമയം ചെയ്യുക എന്നത് മാത്രമാണ് സ്ത്രീയുടെ ധർമ്മം. വിവാഹേതര ബന്ധങ്ങളെയും സന്തോഷങ്ങളെയും നൈതികതകൊണ്ടും ധാർമ്മികനിയമംകൊണ്ടും വിലക്കുന്നു. ലൈംഗികതയെ അതിന്റെ സാമൂഹികമാനം, സാംസ്കാരിക മതനിയമങ്ങൾ എന്നിവകൊണ്ട് അളക്കുകയും ഇവയ്ക്ക് വിരുദ്ധമായതിനെ സ്ത്രീയ്ക്ക് നിഷിദ്ധമായി പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

സഞ്ചാരസ്വാതന്ത്ര്യത്തിന്മേലുള്ള നിയന്ത്രണം

സ്ത്രീലൈംഗികതയുടെമേലുള്ള കടന്നുകയറ്റത്തിന് പുറമെ അവളുടെ സഞ്ചാര സ്വാതന്ത്ര്യത്തെക്കൂടി ഹനിച്ചുകൊണ്ടാണ് ആണാധികാരവ്യവസ്ഥ അതിന്റെ പ്രതിലോമകരമായ സ്ത്രീവിരുദ്ധത ആവിഷ്കരിക്കുന്നത്. വസ്ത്രധാരണം, സഞ്ചാര സമയങ്ങൾ, ആരുടെ കൂടെയൊക്കെ പോകാം, എവിടെയൊക്കെ പോകാം, എപ്പോൾ തിരിച്ചു വരണം തുടങ്ങിയവ സമൂഹം സ്ത്രീകൾക്കുവേണ്ടി മാത്രം നിർമ്മിച്ചിട്ടുള്ള നിയമവ്യവസ്ഥയാണെന്നു കാണാം. അതിനാൽ പുരുഷന് ഇത്തരം നിയമങ്ങളൊന്നും ബാധകമല്ല എന്നതാണ് യാഥാർത്ഥ്യം. സ്ത്രീകളുടെ ജോലി തൊഴിൽ എന്നതിനേക്കാൾ സേവനമാണ്. കുടുംബം, ഭർത്താവ്, കുട്ടികൾ എന്നിവരിൽ കുരുങ്ങിക്കിടക്കുന്ന ഒരു സഞ്ചാര പാതയാണ് സ്ത്രീയുടേത്.

സന്താനോല്പാദനത്തിന്മേലുള്ള നിയന്ത്രണം

പല സമൂഹത്തിലും സന്താനോത്പാദനാവകാശം പുരുഷകേന്ദ്രിതമായി നിലകൊള്ളുന്നു. യാഥാർത്ഥ്യത്തിൽ ഇത് സ്ത്രീയ്ക്ക് അവളുടെ ശരീരത്തിന്മേലുള്ള അവകാശത്തിന്റെ നിരാസമാണെന്ന് നിസ്സംശയം പറയാം. എത്രകുട്ടികളാകാം എന്ന തീരുമാനം, കൃത്രിമ ഗർഭനിരോധനോപാധികളുടെ ഉപയോഗം മുതലായവയെല്ലാം പുരുഷനിയന്ത്രണത്തിലാണ്. പ്രധാനമായും മതം, രാഷ്ട്രീയം, കുടുംബം പോലെയുള്ള സാമൂഹ്യോപകരണങ്ങളിലൂടെയാണ് പുരുഷൻ ഇത്തരം നിയന്ത്രണങ്ങൾ സാധ്യമാക്കുന്നത്. (ഉദാ. ജനന നിയന്ത്രണങ്ങളെക്കുറിച്ചുള്ള മതപ്രബോധനങ്ങൾ, കുട്ടികളുടെ എണ്ണം/ഇനം എന്നിവയെപ്പറ്റിയുള്ള രാഷ്ട്രനിയമങ്ങൾ, ആൺകുട്ടികൾ അഭികാമ്യരാകുന്ന ചിന്ത) ജനസംഖ്യ കൂടിയ രാജ്യങ്ങളിൽ സ്ത്രീയുടെ സന്താനോത്പാദനത്തിനുള്ള കഴിവുകളെ നിയന്ത്രിക്കുന്നതും ജനസംഖ്യ കുറഞ്ഞ രാജ്യങ്ങളിൽ

ഈ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതും പുരുഷകേന്ദ്രീകൃത രാഷ്ട്രീയസംവിധാനമാണ്. പിതൃകോയ്മ മാതൃത്വത്തെ മഹത്വവത്കരിക്കുകയും ആദർശവത്കരിക്കുകയും ആ സ്ഥാനത്തേക്കുയരാൻ സ്ത്രീകളെ നിർബന്ധിക്കുകയും ചെയ്യുന്നു.

സാമ്പത്തികസ്രോതസ്സിൻമേലുള്ള നിയന്ത്രണം

യു.എന്നിന്റെ വിശകലനപ്രകാരം ലോകമെമ്പാടുമുള്ള ജോലിയുടെ 60% സ്ത്രീകൾ ചെയ്യുമ്പോൾ ആകെ വരുമാനത്തിന്റെ പത്തുശതമാനവും ആകെ സ്വത്തിന്റെ ഒരു ശതമാനവുമാണ് അവൾക്ക് സ്വന്തമാക്കാൻ കഴിയുന്നത്. പല സമൂഹത്തിലും പിതൃസ്വത്തിന് മേൽ സ്ത്രീകൾക്ക് നൈയാമികമായ അവകാശമില്ല. അവളുടെ സേവനവേതനവ്യവസ്ഥകളെ നിയന്ത്രിക്കുന്നത് പുരുഷനാണ്.

ചുരുക്കത്തിൽ, പുരുഷനെ അധികാരത്തിന്റെ കേന്ദ്രമാക്കി മാറ്റുകയും സ്ത്രീയെ കീഴ്പ്പെടുത്തുകയും ചെയ്യുന്ന സാമൂഹിക വ്യവസ്ഥയാണ് പിതൃകോയ്മ. കുടുംബം, മതം, മാധ്യമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ പ്രത്യയശാസ്ത്രപരമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ചാണ് ഈ വ്യവസ്ഥ സമൂഹത്തിൽ മേധാവിത്വം ഉറപ്പിക്കുന്നത്. കാലക്രമേണ സ്വകാര്യരൂപത്തിൽ നിന്നും ബാഹ്യോന്മുഖരൂപത്തിലേക്ക് മാറിയെങ്കിലും, പിതൃകോയ്മയുടെ അടിസ്ഥാന ചൂഷണസ്വഭാവം അവസാനിച്ചിട്ടില്ല എന്ന് സിൽവിയ വാൽബി നിരീക്ഷിക്കുന്നു. തൊഴിൽ, ലൈംഗികത, സഞ്ചാരസ്വാതന്ത്ര്യം, സന്താനോല്പാദനം, സാമ്പത്തിക സ്രോതസ്സുകൾ എന്നീ അഞ്ച് പ്രധാന മേഖലകളിൽ പുരുഷൻ സ്ത്രീയുടെ മേൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ലോകമെമ്പാടും ഭൂരിഭാഗം ജോലികളും ചെയ്യുന്നത് സ്ത്രീകളാണെങ്കിലും ആകെ സമ്പത്തിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് അവർക്ക് സ്വന്തമാക്കാൻ കഴിയുന്നത്. ഈ പുരുഷാധിപത്യ വ്യവസ്ഥിതി സ്ത്രീകളുടെ ഭൗതികവും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ വളർച്ചയെ പൂർണ്ണമായും മുരടിപ്പിക്കുകയും അവരെ പാർശ്വവത്കരിക്കുകയും ചെയ്യുന്നു

അവലംബങ്ങൾ

1. രവീന്ദ്രൻ, എൻ. കെ. പെണ്ണെഴുതുന്ന ജീവിതം. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.
2. മോറിസ്, ഡെസ്മണ്ട്. നഗ്നനാരി. കെ. കുഞ്ഞിക്കൃഷ്ണൻ, (വിവ.), കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2010.
3. മോറിസ്, ഡെസ്മണ്ട് നഗ്നവാനരൻ. കെ. കുഞ്ഞിക്കൃഷ്ണൻ, (വിവ.), കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2010.
4. Beauvior, de, simone. *The Second sex*. London : Vintage books,2009.
5. Hartmann, Heidi. The Unhappy Marriage of Marxism and Feminism. London : Pluton Press, 1981.
6. Pollock, Griselda. "Feminism and Modernism." In Framing Feminism: Art and the Women's Movement 1970–1985, edited by Rozsika Parker and Griselda Pollock. London: Pandora Press, 1987
7. Engels, Friedric, The Origin of Family, Private Property, and the State. Moscow : Progress Publishers, 1983.
8. Tyson, Louis, Critical Theory Today A User Friendly Guide. Newyork: Routledge, 2006.
9. Walby, S. *Theorising Patriarchy*. London: Oxford Blackwell, 1990.